## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5810 — 09.07.2012-ൽ മറുപടി നൽകേണ്ടത്

## കൽപ്പറ്റ പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശഭൂമിക്ക് നികുതി സ്വീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ എം.വി.ശ്രേയാംസ്കുമാർ | മറുപടി<br>ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈത്തിരി താലൂക്ക് വെള്ളാരംകുന്ന് - പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശഭൂമിയ്ക്ക് നികുതി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതുവർഷം മുതലാണ് നികുതി സ്വീകരിക്കാത്തതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ; | (ബി) 1994 മുതലാണ് നികുതി സ്വീകരിക്കാത്തത്. കൽപ്പറ്റ വില്ലേജിലെ ബ്ളോക്ക് 20-ൽ റീസർവ്വെ നമ്പർ 285, 286, 287 എന്നിവയിലായിട്ടുള്ള ഭൂമി റോഡ് എന്ന് രേഖപ്പെടുത്തിയതിനാലാണ് നികുതി സ്വീകരിക്കാത്തത്. |
| (സി) പ്രസ്തുത കുടുംബങ്ങളുടെ കൈവശഭൂമിക്ക് മുൻകാലത്ത് നികുതി സ്വീകരിച്ചിട്ടുണ്ടോ; | (സി) മുമ്പ് സ്വീകരിച്ചിരുന്നതായി അറിയുന്നു. |
| (ഡി) കൈവശഭൂമിക്ക് നികുതി സ്വീകരിക്കാത്തതുമൂലം പ്രസ്തുത ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) റീസർവ്വെ രേഖകൾ തെറ്റുതിരുത്തി രേഖകൾ കൈവശക്കാരുടെ പേരിൽ വരുത്തുന്നതിനുമായി വൈത്തിരി അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ